കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എടവണ്ണ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.5/2423/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 03/10/2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

എടവണ്ണ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടവണ്ണ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.5/2423/2016 തിയ്യതി:29/08/2016

## മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04-03-2016മുതൽ 21-08-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട

നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. കെ.യു ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22-08-2016 മുതൽ 29-08-2016വരെ

------------------------------------------------------------------------------------------

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. അബ്ദുള്ള എ.സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സക്കീർ ഹുസൈൻ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സലീം ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി.ടി | ഓഡിറ്റർ |

------------------------------------------------------------------------------------------------------------------------------------

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷർമ്മിള | 01.04.2015 മുതൽ 31.09.2015 വരെ |
| | സെക്രട്ടറി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, കൃഷി ഓഫീസർ എന്നിവരടങ്ങിയ ഭരണ നിർവഹണ സമിതി | 01-10-2015 - 10-12-2015 |
| | ശ്രീമതി.റസിയ ബഷീർ | 11.12.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. ഹുസൈൻ എം.എ | 01.04.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. അവിസന്ന പി | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. സജീഷ് സി | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. സുബ്രഹ്മണ്യൻ | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സുജാത മണിയിൽ | 01.04.2015 മുതൽ 31.03.2016 വരെ |
| വി. ഇ. ഒ | ശ്രീ. രാജേഷ് കെ | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. നിസാർ കെ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. സൂരജ് നിലമ്പൂർ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ശുഭ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ജുമീലത്ത് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ജിനോസ് ബാബു. സി | 01.04.2015 മുതൽ 21.06.2016 വരെ |
| | ഡോ. മൻസൂർ അലി | 22.06.2016 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | ലൈസൻസ് വിതരണം കാര്യക്ഷമമല്ല | 2-1 | |
| 13 | റേഷൻ കടകൾക്ക് ഫീസ് ഈടാക്കി ലൈസൻസ് നൽകേണ്ടതാണ്. | 2-2 | |
| 14 | തൊഴിൽ നികുതി - രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 2-3 | |
| 15 | ഓഡിറ്റോറിയങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-4 | |
| 16 | പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 2-5 | |
| 17 | രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കരുത് | 2-6 | |
| 18 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-7 | |
| 19 | പെർമിറ്റ് രജിസ്ററർ അപാകതകൾ | 2-8 | |
| | ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | | |
|---|---|---|---|
| 20 | മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയില്ല | 3-1 | |
| 21 | LSS/USS പരീക്ഷാ പരിശീലനം മാർഗ്ഗരേഖ ലംഘനം | 3-2 | |
| 22 | ആശ്രയ പദ്ധതി ഭക്ഷണവിതരണം - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല | 3-3 | |
| 23 | ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ അപാകതകൾ. | 3-4 | |
| 24 | വലിയപറമ്പ് ചോളോട് വട്ടപ്പൊയിൽ റോഡ് സൈഡ്കെട്ടൽ- അധിക ചെലവ് | 3-5 | |
| 25 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിക്കാത്തത് | 3-6 | |
| 26 | തെരുവ് വിളക്കുകളുടെ പരിപാലനം-ഫലപ്രദമാവാത്ത നടപടികൾ | 3-7 | |
| 27 | വാർഡ് സാനിറ്റേഷൻ-ചെലവ് രേഖകൾ സൂക്ഷിക്കുന്നില്ല. | 3-8 | |
| 28 | TDS റിട്ടേൺ ഫയൽ ചെയ്യാൻ വൈകി. പിഴ അടക്കാൻ തനത് ഫണ്ട് ഉപയോഗിച്ചത് ക്രമപ്രകാരമല്ല | 3-9 | |
| 29 | എടവണ്ണ കടിവെള്ള പദ്ധതി-ഗുണഭോക്തൃ സമിതിക്ക് കൈമാറിയില്ല. | 3-10 | |
| 30 | സോളാർ ഹൈമാസ്റ്റ് തെരുവ് വിളക്ക് വിതരണം ചെയ്ത് ആറ് മാസമായിട്ടും സ്ഥാപിച്ചില്ല | 3-11 | |
| 31 | മുറിച്ച് മാറ്റിയ മരങ്ങൾ ഇത് വരെ ലേലം ചെയ്തില്ല | 3-12 | |
| 32 | വൈഫൈ ഗ്രാമം - വ്യക്തമായ വിവരങ്ങൾ ഫയലിൽ ഇല്ല. | 3-13 | |
| 33 | പരിരക്ഷക്ക് വാഹനം - രേഖാമൂലം കൈമാറിയില്ല | 3-14 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 34 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 35 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ, വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16ലെ ബജറ്റ് 25-03-2015ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31/07/2016 | 20/07/2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 22-08-16 മുതൽ 29-08-2016വരെ | കെ.എസ്.എം.പി.എം.5/2423/2016 തീയതി 03-10-2016 |

അപാകത

1.അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികൾ തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല (ഇതേ അപാകത മുൻ വർഷ ഓഡിറ്റ് സാക്ഷ്യപത്രത്തിലും നിലനിൽക്കുന്നുണ്ട്)

2.വസ്തു നികുതി ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 48,89,720 രൂപ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞ് കിട്ടാനുണ്ട്. എന്നാൽ ഈ തുക വസ്തുതാപരമല്ല. സഞ്ചയ സോഫ്റ്റ് വെയറിലെ പോരായ്മ ഇപ്പോഴും നിലനിൽക്കുന്നു.
3. വാടകയിനത്തിൽ വാർഷിക കണക്ക് പ്രകാരം 6350 രൂപ പിരിഞ്ഞ് കിട്ടാനുണ്ട്. ഈ തുക മുൻവർഷ വാർഷിക കണക്കുകളിലും ആവർത്തിച്ചു വരുന്നുണ്ട് , തുക നാളിതുവരെ ഈടാക്കിയിട്ടില്ല.

4. VPF II, III, SFC എന്നിവയുടെ യഥാർത്ഥ വരവ് വാർഷിക കണക്കിൽ കൃത്യമായി ബുക്ക് ചെയ്തിട്ടില്ല. ചെലവ് തുക മാത്രം വരവായി കാണിച്ച നടപടി Accounting Principles ന് എതിരാണ്. സാംഖ്യ സംവിധാനത്തിന്റെ പോരായ്മ പ്രകടിപ്പിക്കുന്നതാണ് ഈ രീതി.

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 44527663 |
| വരവ് | 59147878 |
| ആകെ | 103675541 |
| ചെലവ് | 85026556 |
| നീക്കിയിരിപ്പ് | 18648985 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 1814390 | 13032000 | 14846390 | 13574048 | 1272342 | 91 |
| | എസ്.സി.പി. | 5538560 | 8217000 | 13755560 | 11185350 | 2570210 | 81.32 |
| | ടി.എസ്. പി. | 995163 | 750000 | 1745163 | 442200 | 1302963 | 25.34 |
| സംരക്ഷണഗ്രാന്റ് | റോഡ് | 5549923 | 14742000 | 20291923 | 19434626 | 857297 | 95.78 |
| | നോൺറോഡ് | 3027841 | 2563000 | 8161051 | 4287219 | 3873833 | 52 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 2990563 | 6628000 | 9618563 | 8343395 | 1275168 | 86.7 |
| പെർഫോമൻസ് ഗ്രാന്റ് | | 4091000 | 0 | 4091000 | 4076939 | 14061 | 99.6 |
| എം. ജി. എൻ. ആർ. ഇ. ജി.എസ് | | - | 4199768 | 4199768 | 4199333 | 435 | 99 |
| ബി ഫണ്ട് | | - | 34843980 | 34843980 | 34843980 | - | 100 |

വാർഷിക കണക്കിൽ പദ്ധതി വിഹിതം ഇനത്തിലെ ചെലവ് തുക മാത്രമാണ് വരവായി കാണിച്ചത്. തന്നാണ്ടിലെ ചെലവിൽ നിന്നും മുന്നിരിപ്പ് കുറച്ചുള്ള തുക വരവായി ചേർത്ത് നീക്കിയിരിപ്പ് ശൂന്യമാക്കി 100% ചെലവ് എന്ന തരത്തിലാണ് എ.എഫ്.എസ് തയ്യാറാക്കിയിട്ടുള്ളത്. ഇത് സ്ഥാപനത്തിലെ അടിസ്ഥാന

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നതല്ല. ഇത് പഞ്ചായത്തിന്റെ ഫണ്ട് വിനിയോഗം വിലയിരുത്താൻ പര്യാപ്തമല്ല. ബഡ്ജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുക (Annexure IV ൽ നിന്ന്)യാണ് വരവായി ചേർത്തിട്ടുള്ളത്. | | | | | | |

## 1-6 പദ്ധതി അവലോകനം

2015-16 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 302 | 93117917 | 258 | 72007357 | 0 | 44 | 85.43 |

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 39.83% കുറവ് സംഭവിച്ചിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+).(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8038139 | 5555465 | 2482674 | (-)30.8 |
| നികുതിയേതര വരവുകൾ | 3617308 | 1130688 | 2486620 | (-)68.74 |
| മറ്റുവരവുകൾ | 83400 | 376326 | 801156 | (+)960.61 |
| ആകെ | 11738847 | 7062479 | 4676368 | (-)39.83 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്ക ളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 687360 | 802 |
| കർഷകതൊഴിലാളി പെൻഷൻ | 4369560 | 482 |
| വിധവാപെൻഷൻ | 11394240 | 1189 |
| വാർദ്ധക്യകാലപെൻഷൻ | 12563880 | 1772 |
| വിവാഹ ധന സഹായം | 1450000 | 29 |
| വികലാംഗപെൻഷൻ | 5423510 | 482 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 363680 | 35 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്/നീക്കിയിരിപ്പിന്റെ പരിശോധന 22-08-2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14016/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

1. നിർവഹണ ഏജൻസികൾക്ക് വിവിധ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനായി തുക നൽകുന്നുണ്ട്. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തിയായിട്ടില്ല. വിശദാംശങ്ങൾക്ക് 3-7, 3-11 എന്നീ ഖണ്ഡികകൾ കാണുക.
2. വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വ്യവസ്ഥാപിതമായും പിഴവുകളില്ലാത്ത രീതിയിലും തയ്യാറാക്കുന്നതിനും സോഫ്റ്റ്‌വെയറിലെ വസ്തുതാപരമായ പിഴവുകൾ പരിഹരിക്കാനും ഇതുവരെ സാധിച്ചിട്ടില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ എണ്ണം കൂടുതലും അടങ്കൽ താരതമ്യേന കുറവുമാണ്. ഇത് പ്രവൃത്തികളുടെ നിർവഹണം മേൽനോട്ടം, ഫയലിങ്ങ് എന്നിവ ഫലപ്രദമായി നിർവഹിക്കുന്നതിൽ തടസ്സമാവുന്നു.
4. കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് പമ്പ് ഓപ്പറേറ്ററുടെ വേതനം, മീറ്റർ റീഡിംഗ് എന്നിവക്കായി ഓരോ മാസവും വലിയ തുക തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നു. ഇവ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കാൻ പ്രായോഗിക നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-08-16 | 2016 ജൂലൈ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-10-2013 മുതൽ 01-11-2013 വരെ | 2008-09 to 2012-13 | 19-12-2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലൈസൻസ് വിതരണം കാര്യക്ഷമമല്ല

പഞ്ചായത്തിന്റെ ഏതങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു (വകുപ്പ് 232). എല്ലാ വർഷവും ഫെബ്രുവരി മാസത്തിലാണ് അടുത്ത ഏപ്രിൽ മുതൽ ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിലേക്ക് പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II,III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

| സാമ്പത്തിക വർഷം | ആദ്യമായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | | ആകെ |
|---|---|---|---|---|---|---|
| | | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടം ലംഘിച്ച് സമയം വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകരുണ്ടങ്കിൽ | ആകെ | |
| 2015-16 | 177 | 80 | 451 | - | 531 | 708 |

എന്നാൽ 2015-16 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 85 % വും നിശ്ചിത സമയത്തിനു ശേഷമാണ് ലൈസൻസ് പുതുക്കി നൽകിയത് . ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ ഉതകുന്ന ഒരു സംവിധാനവും ലഭ്യമല്ല. 1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വൈകി അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്ന് ബിലേറ്റഡ് ഫീസ് മാത്രം വാങ്ങി ലൈസൻസ് വിതരണം ചെയ്ത് നിയമ ലംഘനത്തെ സാധൂകരിക്കുന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്.

ലൈസൻസിനായി അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന നിലയിൽ മുന്നോട്ട് പോകുമ്പോൾ ലൈസൻസ് എടുക്കാതെ ജനങ്ങൾ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉണ്ടാവുകയും തൻവർഷം ഫീസിനത്തിൽ ലഭിക്കേണ്ട വരുമാനം ലഭിക്കാതെ പോവുകയും ചെയ്യുന്നു.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവൃത്തി ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പുവരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡ്സ് രജിസ്റ്റർ പരിശോധിച്ച് നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1000 രൂപ പിഴശിക്ഷ നൽകേണ്ടതാണ്(ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി യോഗം ചേരുകയും ലൈസൻസ് ഫീസ് ഇനത്തിൽ ലഭിക്കേണ്ട തുക നിശ്ചിത സമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ യോഗത്തിൽ ചർച്ച ചെയ്യേണ്ടതുമാണ്. ലൈസൻസ് ഫീസ് പിരിക്കുന്നതിന് വേണ്ടി ക്യാംപ് കളക്ഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ജനുവരി, ഫെബ്രുവരി മാസത്തിൽ ചെയ്യാവുന്നതാണ്. സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ

സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണെങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്. ലൈസൻസ് വിതരണം ചെയ്യുമ്പോൾ അതിൽ ഫെബ്രുവരി 28 നുള്ളിൽ പുതുക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തി കൊടുക്കേണ്ടതാണ്. ഡി ആന്റ് ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ് എന്നുള്ള സർക്കുലർ (66562/RC3/12/തസ്വഭവ തിയ്യതി 10.01.2013) പാലിക്കപ്പെടേണ്ടതാണ്.

ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക എന്നതിനു പകരം ഫെബ്രുവരി മാസത്തിൽ ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

## 2-2 റേഷൻ കടകൾക്ക് ഫീസ് ഈടാക്കി ലൈസൻസ് നൽകേണ്ടതാണ്

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും ലൈസൻസ് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 06-26/08/2016 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 16 റേഷൻകടകളുണ്ട് എന്ന വിവരം ലഭ്യമാക്കി.

റേഷൻ കടകൾ

| പ്രവർത്തിക്കുന്ന സ്ഥലം | എണ്ണം |
|---|---|
| കിഴക്കേ ചാത്തലൂർ | 1 |
| പടിഞ്ഞാറെ ചാത്തലൂർ | 1 |
| മുണ്ടേങ്ങര | 1 |
| കുണ്ടുത്തോട് | 1 |
| ചെമ്പക്കുത്ത് | 1 |
| എടവണ്ണ | 2 |
| പത്തപ്പിരിയം | 1 |
| പാങ്ങ്യാട് | 1 |
| ഏഴുകളരി | 1 |
| തുവ്വക്കാട് | 1 |
| പന്നിപ്പാറ | 1 |
| പാലപറ്റ | 1 |
| കല്ലിടുമ്പ് | 1 |
| ഒതായി | 2 |
| ആകെ | 16 |

മേൽ പരാമർശിച്ച സ്ഥലങ്ങളിൽ ഒതായിയിൽ പ്രവർത്തിക്കുന്ന ഉസ്മാൻകുട്ടിയുടെ പേരിലുള്ള റേഷൻ കട(22/410) മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. ആയതിനാൽ അടിയന്തിരമായി 2016-17 മുതലുള്ള ലൈസൻസ് നൽകുവാനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി - രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ

എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആയത് സൂക്ഷിച്ചിട്ടില്ല. നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് നാളിതുവരെ പിന്തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ അസ്സസ്മെന്റ് രജിസ്റ്റർ 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) 5-ലെ മാതൃകയിൽ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. ആയത് ഉറപ്പുവരുത്തേണ്ടതാണ്.
കൂടാതെ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികയിലെ ജീവനക്കാരുടെ ആകെ അർദ്ധ വാർഷിക വരുമാനത്തിൽ വീട്ടുവാടക ബത്ത, സി.സി.എ, യാത്രാ അലവൻസ്, യാത്രാ സൗകര്യ അലവൻസ് എന്നിവ ഒഴികെ ആർജിതാവധി പണമാക്കൽ, ബോണസ്സ്/ ഉത്സവബത്ത എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ആകെ അർദ്ധവാർഷിക വരുമാനത്തിൽ ആർജിതാവധി പണമാക്കിയ വിവരം ഉൾപ്പെടുത്താത്ത സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കുന്നതിനാൽ പഞ്ചായ ത്തിന്റെ തനതു വരുമാനം കുറയുന്നതിന് കാരണമാകുന്നു. ആയതിനാൽ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികയിലെ ജീവനക്കാരുടെ ആകെ അർദ്ധ വാർഷിക വരുമാനത്തിൽ ആർജിതാവധി പണമാക്കിയ വിവരം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 2-4 ഓഡിറ്റോറിയങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും സ്ഥാപനനികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട് എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ഓഡിറ്റോറിയത്തിൽ നിന്നും വരുമാനത്തിനനുസൃതമായി സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്ര ന | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | അർദ്ധവർഷം |
|---|---|---|---|
| 1 | പി എസ് ഓഡിറ്റോറിയം കുണ്ടുതോട് | 2015-16 | ഒന്നാം അർദ്ധവർഷം |
| | | | രണ്ടാം അർദ്ധവർഷം |
| 2 | ചാലിയാർ ഓഡിറ്റോറിയം ചെറുമണ്ണ് | 2015-16 | ഒന്നാം അർദ്ധവർഷം |
| | | | രണ്ടാം അർദ്ധവർഷം |

മേൽ സൂചിപ്പിച്ച വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംരഭത്തിൽ നിന്നും ബന്ധപ്പെട്ട അർദ്ധ വാർഷിക റിട്ടേണുകൾ സമർപ്പിക്കാനാവശ്യപ്പെടേണ്ടതും ആയതനുസരിച്ച് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ എൻക്വയറി നം 3- 26/08/2016 ന് സെക്രട്ടറി തുടർനടപടി സ്വീകരിക്കുന്നതാണെന്ന വിവരം അറിയിച്ചു. പഞ്ചായത്ത് പരിധിയിൽ മേൽ പരാമർശിച്ച ഓഡിറ്റോറിയത്തിന് പുറമേ മറ്റേതെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെയും അർദ്ധ വാർഷിക റിട്ടേണുകൾ സമർപ്പിക്കാനാവശ്യപ്പെടേണ്ടതും ആയതനുസരിച്ച് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 2-5 പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 142,143 പ്രകാരം സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയിൽ നിന്ന് നിശ്ചിത ഫീസ് ചുമത്തി ലൈസൻസ് നൽകാവുന്നതാണ്. താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | സാമ്പത്തിക വർഷം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 2015-16 | കിഷ്കിന്ദ സ്പിരിച്വൽ ഹീലിംഗ് സെന്റർ, കുന്നുമ്മൽ |
| 2 | 2015-16 | ഇ.എം.സി ഹോസ്പിറ്റൽ എടവണ്ണ |
| 3 | 2015-16 | മോഡേൺ ഹോമിയോ ക്ലിനിക്ക് , ഒതായി |
| 4 | 2015-16 | ഫാർമസി വായനശാല, പത്തപ്പിരിയം |

ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ എൻക്വയറി നം 2- 26/08/2016 ന് സെക്രട്ടറി മേൽ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന വിവരം അറിയിച്ചു. ലൈസൻസ് ഫീസ് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-6 രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കരുത്

1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 അനുസരിച്ച്, മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുവാൻ പാടുള്ളതല്ല. രജിസ്ട്രേഷന് കാലാവധി അതാത് സാമ്പത്തിക വർഷം അവസാനിക്കുന്നത് വരെ മാത്രമാണ് [ചട്ടം-3(10)].

എന്നാൽ ഗ്രാമ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനം രജിസ്ററർ ചെയ്തിട്ടില്ല. ടി സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്തിട്ടില്ലാത്തതിനാൽ തൊഴിൽ നികുതിയിനത്തിലും പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചു.

| ക്ര ന | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം |
|---|---|---|
| 1 | എക്സ്ലാ ട്യൂഷൻ സെന്റർ | 2015-16 |

മേൽ സൂചിപ്പിച്ച ട്യൂട്ടോറിയൽ സ്ഥാപനത്തിൽ നിന്ന് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനാവശ്യപ്പെടേണ്ടതും ആയത് പരിശോധിച്ച് രജിസ്ട്രേഷൻ നൽകേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ മേൽ പരാമർശിച്ച ട്യൂട്ടോറിയൽ സ്ഥാപനത്തിന് പുറമേ മറ്റേതെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെ രജിസ്ട്രേഷൻ എടുപ്പിക്കേണ്ടതും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതുമാണ് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/27-08-2016 ന് തുടർനടപടി സ്വീകരിക്കാമെന്ന് സെക്രട്ടറി അറിയിച്ചു. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് .

## 2-7 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെപ്പറയുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല .

1. ഐ . ഒ . എച്ച് .എസ് . എടവണ്ണ

2. ഐ . ഒ . എച്ച് .എസ് . എസ് . എടവണ്ണ

3. ഐ . ഒ . എൽ .പി . എസ് . എടവണ്ണ

4. ജാമിയ നദ്‌വിയ്യ ട്രെയിനിംഗ് കോളേജ് , ചെമ്പക്കുത്ത്

5. ക്രസന്റ് പബ്ലിക് സ്കൂൾ, കുണ്ടുതോട്

6. ജെ . എൻ . ആർ . എച്ച് . എസ് എടവണ്ണ

7. ജെ . എൻ . ആർ . ഗേൾസ് . എച്ച് . എസ് , എടവണ്ണ

8. പ്രൈസ് വിൽ പബ്ലിക് സ്കൂൾ , എടവണ്ണ

കേരള പഞ്ചായത്ത് രാജ് ആക്ട് 207(1)(ബി) വകുപ്പ് 2009 ലെ 31-ാം ആക്ട് പ്രകാരം ഭേദഗതി ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ഗവൺമെൻറ് ഉടമസ്ഥതയിലുള്ളതും, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും, സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളും മാത്രമാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് . ത .സ്വ . ഭ .വ സർക്കുലർ നമ്പർ 49590/RC2/2011 തീയതി 14/01/2011 പ്രകാരം, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും വസ്തു നികുതി ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട് .പഞ്ചായത്ത് പരിധിയിൽ മേൽ പരാമർശിച്ച അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമേ മറ്റേതെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെയും കെട്ടിടങ്ങൾക്ക് 2015-16 സാമ്പത്തിക വർഷത്തെ വസ്തു നികുതി , ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറി 05-26/08/2016 ന് തുടർനടപടി സ്വീകരിക്കാമെന്ന് അറിയിച്ചു)

## 2-8 പെർമിറ്റ് രജിസ്ററർ അപാകതകൾ

1. രജിസ്റ്ററിൽ തറവിസ്തീർണ്ണാനുപാതവും(FAR) ,വ്യാപ്തിയും രേഖപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

2. ക്രമവൽകൃത കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതില്ല . ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ (റഗുലൈസേഷൻ രജിസ്റ്റർ) ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹോമിയോ മെഡിക്കൽ ഓഫീസർ എന്നിവർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം ആശുപത്രികൾക്ക് മരുന്നുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1)മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

| പ്രൊജക്ട് നമ്പർ/പേര് | ബിൽ നമ്പർ/തിയ്യതി | തുക | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില | ലഭ്യമാക്കേണ്ട സ്ഥാപനം |
|---|---|---|---|---|
| 232/2016 (മരുന്ന് വാങ്ങൽ) | 7/21-01-2016 | 1,00,000 | 91008 | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ്,തിരുവനന്തപുരം |
| 231/2016 (പരിരക്ഷ മരുന്ന് വാങ്ങൽ) | 10/12-02-2016 | 140,000 | 95670 | -ടി- |

ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് വിതരണം നടത്തി രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2)ഹോമിയോ മെഡിക്കൽ ഓഫീസർ

| പ്രൊജക്ട് നമ്പർ / പേര് | ബിൽ നമ്പർ/തിയ്യതി | തുക | മരുന്ന് ലഭ്യമാക്കേണ്ട സ്ഥാപനം |
|---|---|---|---|
| 216/2015-16 (മരുന്ന് വാങ്ങൽ) | 1/29-12-2015 | 2,00,000 | സഹകരണ ഹോമിയോ ഫാർമസി, ആലപ്പുഴ |

മരുന്നുകൾ നാളിതുവരെയായിട്ടും ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് വിതരണം നടത്തി രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 LSS/USS പരീക്ഷാ പരിശീലനം മാർഗ്ഗരേഖ ലംഘനം

2015-2016 വർഷത്തേക്കുള്ള സബ്സിഡി മാർഗ്ഗരേഖ ജി.ഒ. (എം.എസ്.)362/2013. തസ്വഭവ 16.11.2013 ഖണ്ഡിക 6.1V പ്രകാരം LSS/USS പരിശീലനത്തിന് ഗ്രാമ പഞ്ചായത്ത് ഫണ്ട് വിനിയോഗിക്കാവതല്ല. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ നിബന്ധനകൾക്ക് വിധേയമായി പ്രത്യേക കോച്ചിംഗ് നൽകാൻ വ്യവസ്ഥയുള്ളൂ. എന്നാൽ 30000 രൂപ തനത് ഫണ്ട് വകയിരുത്തിയ LSS/USS പരീക്ഷാ പരിശീലനം (നമ്പർ 220/16) എന്ന പ്രൊജക്ടിന് ചെക്ക് നമ്പർ 627667/21.3.16 പ്രകാരം 3000 രൂപയും ചെക്ക് നമ്പർ 627670/21.3.16 പ്രകാരം 27000 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിലെ എൽ.പി, യു.പി സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റ് മാത്രമാണുള്ളത്. ഗ്രാമ പഞ്ചായത്ത് പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. വിശദമായ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-3 ആശ്രയ പദ്ധതി ഭക്ഷണവിതരണം - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അഗതി കുടുംബങ്ങൾക്കായി തയ്യാറാക്കുന്ന പ്രത്യേക പരിചരണ സേവന പാക്കേജായ ആശ്രയയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന്ന ജി.ഒ. (എം.എസ്) 362/2013 തസ്വഭവ 16.11.2013 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖയുടെ ഖണ്ഡിക 6.2-ൽ ഭക്ഷണം സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1) 65 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ അഗതികൾക്കും അന്നപൂർണ്ണ പദ്ധതി പ്രകാരം ഭക്ഷ്യധാന്യം സൗജന്യമായി

നൽകണം.

2)കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന അഗതി കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യണം. അതിന്റെ വില ആശ്രയഫണ്ടിൽനിന്നും റേഷൻകടകൾക്ക് നേരിട്ട് നൽകണം.

3) NREGS/SGRY പോലുള്ള തൊഴിൽദാന പരിപാടികളിൽ അഗതികളെ പ്രത്യേക പരിഗണന നൽകി പങ്കെടുപ്പിക്കണം.

4) ഭക്ഷണം പാകം ചെയ്യാൻ കഴിയുന്ന ഒരാൾപോലും കുടുംബത്തിൽ ഇല്ലാത്ത അഗതികൾക്ക് അംഗൻവാടികളിലൂടെ പാകംചെയ്ത ഭക്ഷണം നൽകണം. ഈ ചുമതല കുടുംബശ്രീയെ ഏൽപ്പിക്കാവുന്നതാണ്.

ഈ നിർദ്ദേശങ്ങൾ പാലിക്കാതെ ചെറുപയർ, പരിപ്പ്, കടല, അവിൽ, പഞ്ചസാര, ചായപ്പൊടി, ആട്ട, കറിമസാലപ്പൊടികൾ, മുതിര, റവ തുടങ്ങിയവ ഉൾക്കൊള്ളുന്ന കിറ്റുകൾ കുടുംബശ്രീ ഹോംഷോപ്പിൽനിന്നു വാങ്ങി ആശ്രയ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയാണ് ചെയ്തത്. ഇതിന്നായി 2015-2016-ൽ 346500 രൂപ ചെലവഴിച്ചിട്ടുണ്ട്.

ആശ്രയ പദ്ധതിയുടെ നടത്തിപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-4 ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ അപാകതകൾ.

വി.ഇ.ഒ. നിർവ്വഹണം നടത്തിയ ഭവനനിർമ്മാണം-ജനറൽ (നമ്പർ-22)എന്ന പ്രൊജക്റ്റിനുള്ള, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയ 22 പേരടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത സ്രാങ്കിന്റകത്ത് സാജിദ് ബാബു ഭാര്യ സീനത്ത്, രാധ കേളിപ്പറമ്പൻ, സരസ്വതി w/o ഭുവനചന്ദ്രൻ എന്നിവർക്ക് ഗ്രാമ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകിയിട്ടുണ്ട്. ഈ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച രേഖകൾ വിശദമായി പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1) വാർഡ് 10-ലെ ശംസുദ്ദീൻ പാലത്തിങ്ങൽ എന്നയാൾക്ക് പകരം ഇതേ വാർഡിലെ സ്രാങ്കിന്റകത്ത് സാജിദ് ബാബു എന്നയാളെ 13.1.2015-ലെ 12(1) നമ്പർ ഗ്രാമ പഞ്ചായത്ത് തീരുമാനപ്രകാരമാണ് ഗുണഭോക്താവാക്കുന്നത്. 10-ാം വാർഡിന്റെ ഗ്രാമസഭ ഭവന നിർമ്മാണത്തിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായി ഗ്രാമസഭ മിനുട്സിൽ ഒരിടത്തും രേഖപ്പെടുത്തി കാണുന്നില്ല.

2) 11.02.2015-ലെ 8(4) നമ്പർ ഗ്രാമ പഞ്ചായത്ത് തീരുമാനം 'വാർഡ് 12-ലെ അനിൽകുമാർ ചകിരിക്കല്ലൻ എന്നയാൾക്ക് നിലവിൽ വീട് വേണ്ട എന്നു രേഖാമൂലം അറിയിച്ചതിനാൽ പകരം ഇതേ വാർഡിലെ ഗ്രാമസഭാ ലിസ്റ്റിലെ തൊട്ടടുത്ത ഗുണഭോക്താവ് രാധ കേളിപ്പറമ്പൻ എന്നയാളെ ഗുണഭോക്താവായി തെരഞ്ഞെടുത്തത്'' പ്രകാരമാണ് ടിയാരിക്കു ധനസഹായം നൽകിയത്. 12-ാം വാർഡിന്റെ 9.11.2012-ലെ 2(1) ഗ്രാമസഭാ തീരുമാനപ്രകാരം അംഗീകരിച്ച 9 പേരുള്ള ഭവനനിർമ്മാണം (ജനറൽ) ഗുണഭോക്തൃ ലിസ്റ്റിലെ എട്ടാമനാണ് ശ്രീ അനിൽകുമാർ. ഈ ലിസ്റ്റിലെ ഒമ്പതാമൻ ശ്രീ അശോകൻ കേളിപ്പറമ്പൻ ആണ്. ഈ ലിസ്റ്റ് തീർന്നതിനാൽ എന്നു രേഖപ്പെടുത്തി 21.11.2014-ലെ ഗ്രാമസഭ 2(7) തീരുമാനപ്രകാരം അംഗീകരിച്ച ഭവനനിർമ്മാണം (ജനറൽ) ഗുണഭോക്തൃ ലിസ്റ്റിലെ രണ്ടാമനാണ് രാധ കേളിപ്പറമ്പൻ. ഈ ലിസ്റ്റിലെ ഒന്നാമൻ പ്രേമലത വലമ്പൂർ, മുൻ ലിസ്റ്റിലെ അശോകൻ കേളിപ്പറമ്പൻ എന്നിവരെ പരിഗണിക്കാതെ മറ്റൊരാൾക്ക് ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല.

3.) 16-ാം വാർഡിന്റെ 8.11.2012-ലെ ഗ്രാമസഭ അംഗീകരിച്ച 26 പേരുള്ള ഭവനനിർമ്മാണം (ജനറൽ) ഗുണഭോക്തൃ ലിസ്റ്റിലെ ക്രമനമ്പർ 5 60 മാർക്കുള്ള ഭുവനചന്ദ്രൻ ചുള്ളിക്കൽ എന്നയാളും ക്രമനമ്പർ 16 55 മാർക്കുള്ള അലിഫ് പുതുകര എന്നയാളുമാണ്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ 22 പേരുള്ള ഗ്രാമ പഞ്ചായത്തിന്റെ പൊതു ഗുണഭോക്തൃ ലിസ്റ്റിൽ അലിഫ് പുതുകരയെ ക്രമനമ്പർ 16 ആയി ഉൾപ്പെടുത്തിയപ്പോൾ ഭുവനചന്ദ്രൻ ചുള്ളിക്കലിനെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയില്ല. ഇത് ക്രമപ്രകാരമല്ല. പിന്നീട് ശ്രീ അലിഫ് പുതുകര ഭവന നിർമാണത്തിനു സന്നദ്ധനാകാത്തപ്പോൾ മാത്രമാണ് 2015-16-ൽ ശ്രീ. ഭുവനചന്ദ്രൻ ചുള്ളിക്കലിന് ആനുകൂല്യം നൽകിയത്.

## 3-5 വലിയപറമ്പ് ചോളോട് വട്ടപ്പൊയിൽ റോഡ് സൈഡ്കെട്ടൽ- അധിക ചെലവ്

നിർവ്വഹണം : അസി.എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിലെ 19ാം വാർഡിലുള്ള വലിയപറമ്പ് ചോളോട് വട്ടപ്പൊയിൽ റോഡിന് വീതി കുറവായതിനാൽ റോഡിന്റെ താഴ്ന്ന ഭാഗത്ത് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. സൈഡ്കെട്ടൽ പ്രവൃത്തിക്കായി പ്രോജക്ട് നമ്പർ 262/2061 പ്രകാരം 3 ലക്ഷം രൂപ വകയിരുത്തി നടപ്പിലാക്കിയതിൽ 9561 രൂപയുടെ അധിക ചെലവ് കാണുന്നു.

കൺവീനറുടെ പേര് :പുഴക്കൽതൊടി അബ്ദുൾ ജലീൽ

കരാർനമ്പർ : 41/AE/15-16 തീയതി 28.09.2015

മൂല്യനിർണ്ണയം :299,941 രൂപ

ബിൽ നമ്പർ : 118/15-16 തീയതി 21.03.2016

എസ്റ്റിമേറ്റ് ഇനം 5 ൽ എർത്ത് ഫില്ലിംഗിന്റെ അളവ് രേഖപ്പെടുത്തിയത് ( അളവ് പുസ്തകം നമ്പർ 39/AE/15-16 പേജ് 11,12,15 )

താഴെ കാണിച്ച പ്രകാരമാണ്.

ആകെ :70.41 m3

(-) കട്ട് എർത്ത്,ഇനം1 : 30.04 m3

(-) 16.67% ഷ്രിൻകേജ് : 11.74m3

കറവ് കഴിച്ചുള്ള അളവ് : 28.63m3

എന്നാൽ പേയ്മെന്റ് മെമ്മോ രേഖപ്പെടുത്തിയപ്പോൾ ഇനം 5 ലെ അളവ് 70.41 m3 @ 228.85/m3 ആയി രേഖപ്പെടുത്തിയതിനാൽ 16113 – 6552 = 9561 രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. അധിക ചെലവ് ബന്ധപ്പെട്ട ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്നും ഈടാക്കി തിരിച്ചടവാക്കുന്നതാണെന്ന് അസി.എഞ്ചിനീർ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറക്കുള്ള മറുപടിയായി 9585 രൂപ തിരിച്ചടവാക്കിയതിന്റെ രസീതിയുടെ പകർപ്പ് ലഭ്യമാക്കി. ഡേബുക്ക്, ബാങ്ക് പാസ്സ്ബുക്ക് എന്നീ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ആദ്യ മറുപടിയുടെ കൂടെ പരശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-6 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിക്കാത്തത്

2015-16 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 66ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 241 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി. ഒരു അസി.എഞ്ചിനീയർ, ഓവർസിയർ ഉൾപ്പെടുന്ന എൽ സി ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്റ്റ് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്റ്റിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കായില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്റ്റ് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത്. സബ് ബേസ് സ്ട്രങ്ങ്തനിംഗ് ഉറപ്പ് വരുത്തിയ ശേഷവും 1:2:4 കോൺക്രീറ്റിംഗ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമുള്ള 7.5 മീ. കനത്തിൽ അധികം നിർവ്വഹിക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചാത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് പരാമർശത്തെ തുടർന്ന് ഗുണഭോക്തൃ സമിതികളുടെ സാമ്പത്തിക ശേഷിയും സാങ്കേതിക ശേഷിയും പരിശോധിക്കുന്നതിന് സോൾവെൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാൻ എഞ്ചിനീയറുടെ നിർദ്ദേശത്തെ ഭരണ സമിതി അനുകൂലിച്ചില്ല. ഓഡിറ്റ് നിർദ്ദേശം ഒഴിവാക്കി കിട്ടാൻ തദ്ദേശ ഭരണ വകുപ്പിനോട് അപേക്ഷിക്കുന്നതിനാണ് പഞ്ചായത്ത് ഭരണ സമിതിയുടെ 01.07.2015ലെ തീരുമാനമെന്ന് വ്യക്തമാകുന്നു. പദ്ധതി നടത്തിപ്പിൽ പഞ്ചായത്ത് ഭരണ സമിതിക്ക് സ്വീകരിക്കാവുന്ന നടപടി ക്രമങ്ങൾ സർക്കാർ തീരുമാനത്തിന് കാത്തിരിക്കുന്നത് അസി.എഞ്ചിനീയർ എടുത്ത നിയമപരമായ തീരുമാനം വൈകിപ്പിക്കുന്നതിനെ ഇടയാക്കുകയുള്ളു.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2 /2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് 2014 ലെ DSR നിരക്കിനെ അടിസ്ഥാനമാക്കിയാണെന്നും ടാറിന്റെ മാർക്കറ്റ് വില ഈ നിരക്കിനേക്കാൾ കുറവാണെന്നും കാണുന്നു. ഇതെ പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവ് കണക്ക് തയ്യാറാക്കിയപ്പോൾ സമിതികൾ ടാർ ലഭ്യമായതിന്റെ യഥാർത്ഥ ചെലവ് ഉൾപ്പെടുത്തുന്നുണ്ടെങ്കിലും മൊത്തം ചെലവ് മൂല്യനിർണ്ണയതുകയിൽ അധികരിക്കുന്ന രീതിയിൽ തൊഴിലാളികളുടെ കൂലി, മറ്റുള്ള മെറ്റീരിയലുകൾ വാങ്ങിയതിന്റെ ചെലവ് അധികമായി ഉൾപ്പെടുത്തുന്നുണ്ട്. ഇതിന്റെ ഫലമായി സമിതികളുടെ ചെലവ് കണക്കാക്കിയത് മൂല്യനിർണ്ണയ തുകയേക്കാൾ കുറവുള്ള പ്രവൃത്തികളിൽ ടാർ വില വത്യാസം തിരിച്ചടപ്പിക്കുന്നുണ്ട്. മരാമത്ത് പ്രവൃത്തികളുടെ ചെലവ് അനുവദിക്കുമ്പോൾ ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവുകളുടെ കൃത്യത ബന്ധപ്പെട്ട ബിൽ, മസ്റ്റർറോൾ സഹിതം സൂക്ഷമപരിശോധന നടത്തേണ്ടതാണ്.

5.ഇ-ടെൻഡർ നടപ്പിലാക്കാതിരിക്കാൻ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന നിലപാട് നിയമപരമല്ല

2015-16വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഈ-ടെൻഡർ നടപടികളിലൂടെ നടപ്പിലാക്കാനായിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഈ -ടെൻഡർ മുഖേന നടപ്പിലാക്കുകയെന്ന സർക്കാർ നയം സ.ഉ (സാധ) നമ്പർ 53/2015/ തസ്വഭവ തീയതി 07.01.2015 ലൂടെ വ്യക്തമാക്കിയതാണെങ്കിലും പൂർണ്ണമായും ഗുണഭോക്തൃ കമ്മറ്റികൾ വഴിയാണ് നിർവ്വഹിച്ചതെന്ന് കാണുന്നു. 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ 21എണ്ണം അടങ്കൽ തുക5 ലക്ഷവും അതിന് മുകളിലുള്ളവയുമാണ്. ഹൈക്കോടതി വിധിയെ തുടർന്ന് പുറപ്പെടുവിച്ച സ.ഉ (സാധ) നമ്പർ 1288/2015/ തസ്വഭവ തീയതി 30.04.2015 ൽ നിഷ്കർഷിച്ച പ്രകാരം 2015-16 മുതൽ 5 ലക്ഷവും അതിന് മുകളിലുള്ളതുമായ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് നടപ്പിലാൻ നിർദ്ദേശിച്ചതാണ്. ഇതിനെ തുടർന്ന് എൽ എസ് ജി ഡി ചീഫ് എഞ്ചിനീയർ 06.05.2015 ന് പുറപ്പെടുവിച്ച DB3/753/12/CE നമ്പർ സർക്കുലറിലും നിർദ്ദേശം പുറപ്പെടുവിച്ചതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ടെൻഡർ നടപടിക്രമങ്ങൾ പാലിക്കണമെന്ന അസി.എഞ്ചിനീയറുടെ നിർദ്ദേശത്തെ ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണ സമിതി എടുത്ത തീരുമാനം ന്യായീകരിക്കാവുന്നതല്ല. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തെ തുടർന്ന് എഞ്ചിനീയറുടെ രേഖാമൂലമുള്ള നിർദ്ദേശത്തെ ടെൻഡർ ചെയ്താൽ യഥാസമയം പൂർത്തീകരിക്കാൻ കഴിയില്ല. ലാഭകരമല്ലാത്തതിനാൽ കരാറുകാർ ഏറ്റെടുക്കില്ല, ഗുണഭോക്തൃ സമിതി ലാഭനഷ്ടം പരിഗണിക്കാതെ പൂർത്തീകരിക്കും എന്നിങ്ങനെയുള്ള വാദങ്ങൾ നിരത്തിയാണ് 27.7.2015 ലെ ഭരണ സമിതിയോഗം തള്ളിക്കളയുന്നത്. കാലാനുസൃതമായി പരിഷ്കരിച്ച നിരക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രവൃത്തികൾ ടെൻഡർ ചെയ്യാനുള്ള നടപടി സ്വീകരിക്കാതെ എപ്രകാരമാണ് കരാറുകാർ ഏറ്റെടുക്കില്ലായെന്ന നിഗമനത്തിൽ ഭരണസമിതി എത്തിയതെന്ന് വിശദീകരിക്കേണ്ടതാണ്.

## 3-7 തെരുവ് വിളക്കുകളുടെ പരിപാലനം-ഫലപ്രദമാവാത്ത നടപടികൾ

തെരുവ് വിളക്കുകളുടെ പരിപാലനവും, വാർഷിക മെയിന്റനൻസ് നൽകുന്ന കാര്യത്തിലും വിശദമായ മാർഗ നിർദേശങ്ങൾ നൽകുന്നുണ്ട് DA3/3055/2011/lsgd/15.09.2015 സർക്കുലറിൽ.

സെക്രട്ടറി നിർവഹണം നടത്തുന്ന തെരുവ് വിളക്ക് റിപ്പയർ എന്ന 154/16 പ്രോജക്ടിൽ 2 ലക്ഷം തനത് ഫണ്ടും 2 ലക്ഷം പ്ലാൻ ഫണ്ടും ഉൾപ്പെടെ 4 ലക്ഷം രൂപയാണ് അടങ്കൽ. പ്രവർത്തിക്കായി ടെണ്ടർ ക്ഷണിക്കുകയും പഞ്ചായത്ത് തീരുമാന പ്രകാരം ജമാലുദ്ധീൻ എന്ന കരാറുകാരന്റെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. സെക്രട്ടറിയുമായി 04/25.05 15 കരാർ വെക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ശ്രദ്ധയിൽ പ്പെടുത്തുന്നു.

a-പഞ്ചായത്തിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ട് എന്ന് ഫയലിൽ ഒരിടത്തും വ്യക്തമാക്കുന്നില്ല. കരാർ പത്രികയിലും ഇത് സംബന്ധിച്ച വിവരം ഇല്ല.

b-റിപ്പയർ പ്രവർത്തികളുടെ സ്വഭാവം, രീതി എന്നിവ സംബന്ധിച്ച് കരാറിൽ യാതൊരു വ്യവസ്ഥയും ഉൾക്കൊള്ളിച്ചിട്ടില്ല.

c-കരാർ പ്രകാരമുള്ള തുക മൂന്ന് തവണകളായി കരാറുകാരന് നൽകുന്നതിനാണ് ഭരണ സമിതി തീരുമാനിക്കുന്നത്. ഇത് DA3/3055/2011/lsgd/15.09.2015 സർക്കുലറിലെ നിർദ്ദേശത്തിന് എതിരാണ്.

d-ലൈസൻസുള്ളവർക്കാണ് ഇപ്രകാരം കരാർ നൽകേണ്ടത് എന്നും ഒരു പകർപ്പ് കരാർ പത്രത്തോടൊപ്പം ഉള്ളടക്കം ചെയ്യണം എന്നും വ്യക്താമാക്കുന്നുണ്ട് എങ്കിലും ആയത് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. മാത്രമല്ല കരാറുകാരന്റെ Identity വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

e-കരാർ തുകയുടെ പത്ത് ശതമാനം സെക്യൂരിറ്റി ഡപ്പോസിറ്റ് വാങ്ങണമെന്ന് സർക്കുലറിൽ നിർദേശമുണ്ട്. എന്നാൽ ഈ തുക ഈടാക്കിയ വിവരം ഫയലിലോ, Deposit Register ലോ രേഖപ്പെടുത്തിയിട്ടില്ല.

F-ഈ മേഖലയിൽ കരാറുകാരന്റെ മുൻപരിചയം വിലയിരുത്തുകയോ പരിഗണിക്കുകയോ ചെയ്തിട്ടില്ല .

കരാർ വ്യവസ്ഥയുടെ പിൻബലത്തിൽ, ഭരണ സമിതിയുടെ 6(4)/16.06.2015 തീരുമാന പ്രകാരം പെയ്മെന്റ് വൗച്ചർ 229/3.7.15 പ്രകാരം കരാറുകാരന് 150000 രൂപ മുൻകൂർ നൽകുന്നുണ്ട്. കരാറുകാരൻ ഉപയോഗിക്കുന്നത് ഗുണനിലവാരമില്ലാത്ത പഴകി ദ്രവിച്ച സാധനങ്ങളാണ് എന്നും റിപ്പയർ ചെയ്ത് വിളക്കുകൾ സ്വിച്ച് ഓൺ ചെയ്ത് മണിക്കൂറുകൾക്കുള്ളിൽ തന്നെ പ്രവർത്തന രഹിതമായി എന്നും 4, 21 വാർഡുകളിലെ ജനങ്ങൾ തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. സർക്കുലർ നിർദേശ പ്രകാരം പ്രവർത്തിക്കായി ഉപയോഗിക്കുന്ന സാമഗ്രികൾക്ക് ISI നിലവാരം ഉണ്ടാവണം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. സർക്കാർ നിർദേശ പ്രകാരമല്ല പ്രവർത്തി നിർവഹിക്കപ്പെടുന്നത് എന്ന് വ്യക്തമായിട്ടും കരാർ റദ്ദ് ചെയ്യാതിരുന്ന നടപടി അംഗീകരിക്കാനാവില്ല. പൊതുജനങ്ങളിൽ നിന്ന് പരാതി ലഭിച്ചിട്ടും സ്ഥാപിച്ച തെരുവ് വിളക്കുകളുടെ ഗുണനിലവാരം അന്വേഷണ വിധേയമാക്കുകയും ചെയ്തിട്ടില്ല.

യാതൊരു വിധ ആസൂത്രണവും കൂടാതെയാണ് പ്രോജക്ട് തയ്യാറാക്കിയതും കരാർ വെച്ചതും മുൻകൂർ തുക നൽകിയതും എന്ന് വ്യക്തമാവുന്നു. അതിനാൽ തന്നെ പ്രോജക്ട് ഫലപ്രദമായില്ല എന്നും ചെലവഴിച്ച തുക പാഴ്ച്ചെലവായി എന്നും ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾ ശ്രദ്ധയിൽ പെടുത്തിയും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് നിർദേശിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നു.

## 3-8 <u>വാർഡ് സാനിറ്റേഷൻ-ചെലവു രേഖകൾ സൂക്ഷിക്കുന്നില്ല.</u>

ശുചിത്വ മിഷനിൽനിന്ന് 2015-16 വർഷം മഴക്കാല ശുചീകരണത്തിനും, ശുചിത്വ വാർഡുകൾക്കുമായി ലഭ്യമായ 209000 രൂപയും പഞ്ചായത്ത് ഫണ്ട് 110000 രൂപയും ഉൾപ്പെടെ 319000 പെയ്മെന്റ് വൗച്ചർ 254/06.07.2015 പ്രകാരവും 272/14.07.15 പ്രകാരവും പഞ്ചായത്ത് സെക്രട്ടറി വാർഡ് മെമ്പറുടെയും വാർഡ് ചുമതലയുള്ള ഹെൽത്ത് ഇൻസ്പെക്ടറുടെയും സംയുക്ത എക്കൗണ്ടിലേക്ക് യഥാസമയം കൈമാറുന്നുണ്ട്. എന്നാൽ ഈ തുക ആർക്കെല്ലാമാണ് കൈമാറിയത്, എപ്രകാരമാണ് കൈമാറിയത്, ഏതെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചത് തുടങ്ങിയ വിവരങ്ങൾ ഒന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം അനുവദിക്കുന്ന തുക എപ്രകാരം വിനിയോഗിച്ചു എന്ന് വ്യക്തമാക്കുന്നതും വാർഡ് മെമ്പർ ആരോഗ്യപ്രവർത്തകൻ എന്നിവർ സാക്ഷ്യപ്പെടുത്തിയ രേഖ സൂക്ഷിക്കാൻ നിർദേശം നൽകേണ്ടതാണ്. ചെലവ് രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക താൽക്കാലികമായി തടസ്സം ചെയ്യുന്നു.

## 3-9 <u>TDS റിട്ടേൺ ഫയൽ ചെയ്യാൻ വൈകി. പിഴ അടക്കാൻ തനത് ഫണ്ട് ഉപയോഗിച്ചത് ക്രമപ്രാകാരമല്ല</u>

സെക്രട്ടറി, അസി. സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നിവരുടെ 2013-14,2014-15 വർഷ ഇൻകം ടാക്സ് ഇനത്തിൽ അടവാക്കുന്നത് എന്ന് രേഖപ്പെടുത്തി വൗച്ചർ 269/10.07.2015 പ്രകാരം 33700 രൂപയും ഇൻകം ടാക്സ് അടവാക്കിയ തുക ഇ ഫയൽ ചെയ്യാൻ വൈകിയതിലുള്ള പിഴ എന്ന് രേഖപ്പെടുത്തി വൗച്ചർ 321/05.08.2015 പ്രകാരം 3180 രൂപയും ഉൾപ്പെടെ 36880 രൂപ തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച് ഇൻകം ടാക്സ് വകുപ്പിൽ അടവാക്കുന്നതിനായി പിൻവലിക്കുന്നുണ്ട്.

ഇൻകം ടാക്സ് ആക്ട് 1961,സെക്ഷൻ 234 E പ്രകാരമുള്ള ഫൈൻ തുക അടവാക്കുന്നതിനാണ് ഇപ്രകാരം പിൻവലിച്ച 36880 രൂപ വിനിയോഗിച്ചത് എന്ന് ഇൻകം ടാക്സ് വകുപ്പിന്റെ രസീതിയിൽ നിന്നും വകുപ്പിന്റെ ഡിമാന്റ് നോട്ടീസിൽ നിന്നും വ്യക്തമാവുന്നു.യഥാസമയം TDS പത്രിക ഫയൽ ചെയ്യാതിരുന്നാൽ അടവാക്കേണ്ടുന്ന Late Filing Fee സംബന്ധിച്ചാണ് സെക്ഷൻ

234 E പ്രതിപാദിക്കുന്നത്.കൂടാതെ 271 H പ്രകാരമുള്ള പിഴയും അടവാക്കേണ്ടതാണ്.ഓരോ മൂന്ന് മാസത്തെയും TDS ഫയൽ ചെയ്യാൻ ആക്ടിൽ നിശ്ചിത സമയക്രമം അനുവദിച്ചിട്ടുണ്ട് എങ്കിലും DDO എന്ന നിലയിൽ സെക്രട്ടറി നിർവഹിക്കേണ്ട ചുമതല യഥാസമയം ചെയ്തിട്ടില്ല എന്നാണ് വ്യക്തമാവുന്നത്.

സെക്രട്ടറി എന്ന നിലയിൽ ചുമതല നിർവഹിക്കുന്നതിൽ വന്ന വീഴ്ച്ചയുടെ പിഴ തുക അടവാക്കുന്നതിന് പഞ്ചായത്ത് തനത് ഫണ്ട് ഉപയോഗിച്ചത് ക്രമപ്രകാരമല്ല. അപാകതകൾ ശ്രദ്ധയിൽ പെടുത്തിയും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് നിർദേശിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ തുക സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയാണ് എന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.തുക സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-10 എടവണ്ണ കുടിവെള്ള പദ്ധതി-ഗുണഭോക്ത സമിതിക്ക് കൈമാറിയില്ല.

എടവണ്ണ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് ഇനത്തിൽ ഓരോ മാസവും വലിയ തുക(വാർഷിക ചെലവ് 643576) തനത് ഫണ്ടിൽ പഞ്ചായത്ത് അടവാക്കുന്നുണ്ട്.പമ്പ് ഓപ്പറേറ്റർക്ക് ഈ കാലയളവിൽ 159910 രൂപയും മീറ്റർ റീഡർക്ക് 69360രൂപയും വേതനം നൽകുകയും ചെയ്യുന്നുണ്ട്.കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്ത സമിതികളെ ഏൽപിക്കണമെന്ന് സർക്കാർ നിർദേശിച്ചിരുന്നു.എന്നാൽ അപ്രകാരം ചെയ്തതായി കാണുന്നില്ല.ഈ കുടിവെള്ള പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട് എന്നും ഓരോ മാസവും വെള്ളക്കരം ഇനത്തിൽ ഏത്ര രൂപ പിരിച്ചെടുക്കുന്നുണ്ട് എന്നും വ്യക്തമാക്കേണ്ടതാണ്.എന്ത് കൊണ്ടാണ് ഇനിയും ഈ പദ്ധതി ഗുണഭോക്ത സമിതിയെ ഏൽപിക്കാതിരുന്നത് എന്ന് വ്യക്തമാക്കേണ്ടതാണ്.

അപാകതകൾ ശ്രദ്ധയിൽ പെടുത്തിയും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് നിർദേശിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.കുടിവെള്ള പദ്ധതി ഗുണഭോക്ത സമിതിക്ക് കൈമാറാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 3-11 സോളാർ ഹൈമാസ്റ്റ് തെരുവ് വിളക്ക് - വിതരണം ചെയ്ത് 6 മാസമായിട്ടും സ്ഥാപിച്ചില്ല

പാരമ്പര്യേതര ഊർജ്ജ ഉറവിടം ഉപയോഗിക്കുന്ന സോളാർ ഹൈമാസ്റ്റ് തെരുവ് വിളക്ക് സ്ഥാപിക്കാനായി സെക്രട്ടറി നിർവഹണം നടത്തുന്ന മൂന്ന് പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

1. 149/16 SC കോളനികളിൽ സോളാർ ലൈറ്റ് 1386692 (SCP ഫണ്ട്)

2. 151/16 പത്തപ്പിരിയം സ്കൂൾപ്പടിയിൽ സോളാർ ലൈറ്റ് 100000 (പ്ലാൻ ജനറൽ 18413, SFC ഗ്രാന്റ് 81587)

3.152/16 ST കോളനികളിൽ സോളാർ ലൈറ്റ് 142200 (TSP ഫണ്ട്)

എസ്.സി.കോളനികളിൽ 36വാട്ടിന്റെ 36 LED ഉൾപ്പെടുന്ന 31 എണ്ണവും എസ്.ടി കോളനികളിൽ 45 വാട്ടിന്റെ 36 LED ഉൾപ്പെടുന്ന മൂന്ന് എണ്ണവും, സ്കൂൾപ്പടിയിൽ 45വാട്ടിന്റെ 36 LED ഉൾപ്പെടുന്ന രണ്ട് എണ്ണവുമാണ് സ്ഥാപിക്കാനായി ഗ്രാമ പഞ്ചായത്ത് വിഭാവന ചെയ്യുന്നത് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

പ്രോജക്ട് KREWS മുഖേനയാണ് നടപ്പാക്കുന്നത്. സ്ഥാപനത്തിന്റെ 20.03.2016 കത്തിന്റെയും 1070/19.03.2016, 1071/19.03.2016, 1129/23.03.2016 ഇൻവോയ്സിന്റെയും അടിസ്ഥാനത്തിൽ 1624292 രൂപ സ്ഥാപനത്തിന് കൈമാറുന്നുണ്ട്. സ്ഥാപനവുമായി കരാർ വെക്കാതെയുമാണ് ഇത്രയും തുക കൈമാറുന്നത്.

വൗച്ചർ 1009/30.03.16 13813രൂപ

വൗച്ചർ 1038/31.03.16 81587 രൂപ

വൗച്ചർ 1036/31,03.16 1386692 രൂപ

വൗച്ചർ 1039/31.03.16 142200 രൂപ

പ്രവർത്തിയുടെ നിർവഹണ രീതിയും പെർമോർമൻസും വിലയിരുത്തുന്നതിനായി നടത്തിയ പരിശോധനയിൽ ഒരിടത്ത് പോലും പ്രവർത്തി നിർവഹിച്ചിട്ടില്ല എന്ന് വ്യക്തമായി.

ക്രൂസ് സപ്ലൈ ചെയ്തതായി അവകാശപ്പെടുന്ന ഉപകരണങ്ങൾ പഞ്ചായത്ത് പരിസരത്ത് കൂട്ടിയിട്ടിരിക്കുന്നതായി കാണാൻ കഴിയുന്നു. പോളുകൾ തുരുമ്പെടുക്കുന്നതായും കാണുന്നു.

ക്രൂസ് ഹാജരാക്കിയ ഇൻവോയ്സ് പ്രകാരം ഉപകരണങ്ങൾ സപ്ലൈ ചെയ്തത് മുതൽ 18 മാസമാണ് വാറന്റി കാലയളവ് എന്ന് വ്യക്തമാക്കുന്നുണ്ട്. 2016 മാർച്ചിൽ സപ്ലൈ ചെയ്ത ഈ ഉപകരണങ്ങൾക്ക് ഓഡിറ്റ് പൂർത്തിയാവുന്ന തിയ്യതിവരെയുള്ള അഞ്ച് മാസത്തെ വാറന്റി കാലയളവ് നഷ്ടപ്പെട്ടു എന്ന് വ്യക്തം. എന്നിട്ടും ഇത് വരെ ഒരു ഓർമക്കുറിപ്പ് പോലും പഞ്ചായത്തിൽനിന്ന് അയച്ചതായും ഫയലിൽ ഇല്ല. കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന സബ്സിഡി നേടാൻ നടപടികൾ സ്വീകരിച്ചതായും

കാണുന്നില്ല.

പഞ്ചായത്ത് നിർദേശിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള സോളാർ സംവിധാനം ഫയലിൽ പരാമർശിക്കപ്പെട്ട സ്ഥലങ്ങളിൽ ഒരു അനിവാര്യതയല്ല എന്നും ഓഡിറ്റ് വിലയിരുത്തുന്നു

വ്യക്തമായ കരാർ വെക്കാതെ തുക നൽകിയത്, പ്രവർത്തി മന:പ്പൂർവം വൈകിപ്പിക്കാൻ ഇടയാക്കി എന്നും വ്യക്തമാണ്.

അപാകതകൾ ശ്രദ്ധയിൽ പെടുത്തിയും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് നിർദേശിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ അംഗീകാരം വാങ്ങാതെയും മാർഗരേഖ പാലിക്കാതെയും ചെലവ് ചെയത തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-12 മുറിച്ച് മാറ്റിയ മരങ്ങൾ ഇത് വരെ ലേലം ചെയ്തില്ല

ജില്ലയിലെ റോഡുകളുടെ അരികിലും പൊതുസ്ഥലങ്ങളിലും അപകട ഭീഷണിയായി നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റാനുള്ള ജില്ലാ കലക്ടറുടെ നിർദേശ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഓഫീസ് പരിസരത്ത് നിന്ന് മരങ്ങൾ മുറിച്ച് മാറ്റുന്നുണ്ട്. ഇതിനുള്ള ചെലവായി വൗച്ചർ 543/20.10.2015 പ്രകാരം 44000 രൂപ മരങ്ങൾ മുറിച്ച് മാറ്റാൻ ക്വട്ടേഷൻ ലഭിച്ച വ്യക്തിക്ക് നൽകുന്നുണ്ട്. ഇപ്രകാരം ആറ് മാവ്,രണ്ട് പ്ലാവ്,നാല് മഹാഗണി എന്നിവയും വിറകിന് ഉപയോഗിക്കാവുന്ന പട്ടമരങ്ങളുമാണ് വെട്ടിമാറ്റിയത്.ഇവക്ക് സാമൂഹ്യ വനവൽകരണ വകുപ്പ് 43475 രൂപയാണ് വില നിർണയിച്ചത്.കൂടാതെ ചാത്തല്ലൂർ പി.എച്ച്.സിയിലെ തേക്കിന് മുമ്പ് വില നിശ്ചയിച്ച് നൽകിയിരുന്നതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ വിശദാംശം ഫയലിൽ ഇല്ല.ഇപ്രകാരം കൂട്ടിയിട്ട മരങ്ങൾ ലേലം ചെയ്യുന്നതിനായി പത്രത്തിൽ വിൻഡോ പരസ്യവും , വെബ് സൈറ്റിൽ വിശദവിവരവും നൽകുകയുണ്ടായി. തത്ഫലമായി 18.08.2016 ന് ലേല ഡയറി പ്രകാരം 44 പേർ പങ്കെടുത്ത ലേലം നടത്തിയെങ്കിലും സാമൂഹ്യ വനവൽകരണ വകുപ്പ് നിർണയിച്ച 43475 രൂപക്ക് ആരും വിളിക്കാൻ സന്നദ്ധരായില്ല എന്നും ഫയലിൽ നിന്ന് വ്യക്തമാവുന്നു.

മുറിച്ചിട്ട മരങ്ങളിൽ വിറകായി ഉപയോഗിക്കാവുന്നവ ഗ്രാമ പഞ്ചായത്തിന് കൈമാറി കിട്ടിയ വിറക് ഉപയോഗിക്കേണ്ടി വരുന്ന സ്ഥാപനങ്ങൾക്ക് ഭരണ സമിതി തീരുമാന പ്രകാരം കൈമാറാൻ നടപടി സ്വീകരിക്കേണ്ടതും അവശേഷിച്ചവ ഉചിതമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 3-13 വൈഫൈ ഗ്രാമം - വ്യക്തമായ വിവരങ്ങൾ ഫയലിൽ ഇല്ല.

വിവര സാങ്കേതിക വിദ്യയുടെ അപാര സാധ്യതകൾ പെതുജനങ്ങൾക്ക് എത്തിക്കുന്നതിനാണ് സെക്രട്ടറി നിർവഹണം നടത്തുന്ന വൈഫൈ ഗ്രാമം എന്ന പ്രോജക്ട് (215/16) തയ്യാറാക്കുന്നത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് അഞ്ച് ലക്ഷം രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയത്. എടവണ്ണ, പത്തപ്പിരിയം, പന്നിപ്പാറ, ഓതായി, കുണ്ടതോട് എന്നീ അഞ്ച് സ്ഥലങ്ങളിലാണ് ആക്സസ്സ് പോയന്റുകൾ സ്ഥാപിക്കാൻ തീരുമാനിക്കുന്നത്. പ്രോജക്ടിന്റെ നിർവഹണത്തിനായി തനത് ഫണ്ടിൽ നിന്ന് വൗച്ചർ 435/17.09.2015 പ്രകാരം 855,000 രൂപ പിൻവലിച്ച് ബിഎസ്എൻഎല്ലിന് നൽകുന്നുണ്ട്. എന്നാൽ പ്രോജക്ട് നോട്ട് ഫയലിൽ പ്രവർത്തി പൂർത്തിയായിട്ടില്ല എന്നാണ് രേഖപ്പെടുത്തി കാണുന്നത്. മാത്രമല്ല തുക നൽകുന്നത് കമ്പനിയുമായി കരാർ വെക്കാതെയാണ് എന്നും വ്യക്തമാവുന്നു.

കമ്പനിയുടെ ഡിമാന്റ് നോട്ടീസ് തിയ്യതി 11.09.2015 പ്രകാരം പഞ്ചായത്ത് ഓഫീസിൽ Wifi BU414 plan with 4Mbps ശേഷിയുള്ള സംവിധാനം ഒരുക്കുന്നതിന് വാർഷിക വാടക 3.5 ലക്ഷം രൂപയും സർവീസ് ചാർജ് 49000രൂപയും, ഒതായി അങ്ങാടിയിൽ Wifi BU214 plan with 4Mbps ശേഷിയുള്ള സംവിധാനം ഒരുക്കുന്നതിന് വാർഷിക വാടക രണ്ട് ലക്ഷം രൂപയും സർവീസ് ചാർജ് 28000രൂപയും, കുണ്ടതോട് അങ്ങാടിയിൽ Wifi BU214 plan with 4Mbps ശേഷിയുള്ള സംവിധാനം ഒരുക്കുന്നതിന് വാർഷിക വാടക രണ്ട് ലക്ഷം രൂപയും സർവീസ് ചാർജ് 28000രൂപയുമാണ് അടവാക്കുന്നത്.

പ്രവർത്തി എന്നാണ് പൂർത്തിയാവുന്നത് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. എവിടെയെല്ലാമാണ് ഹോട്ട് സ്പോട്ടുകൾ സ്ഥാപിച്ചത് എന്നും വ്യക്തമല്ല. Bsnl അതോറിറ്റിയും ഇത് സംബന്ധിച്ച യാതൊരു രേഖയും നൽകിയതായും ഫയലിൽ ഇല്ല.
സർക്കാറിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ നടപ്പാക്കേണ്ടതാണ് ഈ പ്രൊജക്ട്. എന്നാൽ അനുമതി കൂടാതെയാണ് പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളത്.

തുക നൽകിയ മുറക്ക് പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല എന്ന് ഫയലിൽ രേഖപ്പെടുത്തലുണ്ട്. വാർഷിക വാടക എന്ന് മുതലാണ് പ്രായോഗികമായി നിലവിൽ വരുന്നത് എന്നും പഞ്ചായത്തിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് സംവിധാനം ഒരുക്കിയത് എന്നും വ്യക്തമാക്കേണ്ടതാണ്. സർക്കാരിന്റെ മുൻകൂർ അനുമതി തേടി നടപ്പാക്കേണ്ടതാണ് എങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

പ്രോജക്ടിലെ ധനകാര്യ വകയിരുത്തലിന് വിരുദ്ധമായി തനത് ഫണ്ടിൽ നിന്നാണ് തുക കൈമാറിയത് എന്നും ശ്രദ്ധയിൽ പെടുത്തുന്നു. അപാകതകൾ ശ്രദ്ധയിൽ പെടുത്തിയും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് നിർദേശിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

സൈറ്റ് പരിശോധനാ വേളയിൽ പത്തപ്പിരിയത്ത് ഒരു സ്വകാര്യ കെട്ടിടത്തിന് മുകളിൽ ഹോട്ട് സ്പോട്ട് സ്ഥാപിച്ചതായി കാണാനായി. എന്നാൽ ഇവിടെ സ്ഥാപിക്കേണ്ട സംവിധാനത്തെക്കുറിച്ച് Bsnl ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല എന്ന് വ്യക്തമാവുന്നു. ഇത് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ചതാണോ എന്നും വ്യക്തമല്ല. ഇപ്രകാരം സ്ഥാപിക്കപ്പെടുന്ന

വൈഫൈ സംവിധാനങ്ങൾക്ക് എത്ര ദൂരപരിധിയിൽ സേവനം ലഭ്യമാവും എന്നത് സംബന്ധിച്ച് ആധികാരികമായ യാതൊരു വിവരവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-14 പരിരക്ഷക്ക് വാഹനം - രേഖാമൂലം കൈമാറിയില്ല

പഞ്ചായത്ത് നിലവിൽ ഉപയോഗിച്ച് കൊണ്ടിരുന്ന KL10X 4276 ബൊലേറോ വാഹനം പരിരക്ഷാ പ്രവർത്തനങ്ങൾക്കായി കൈമാറുന്നതിനും പഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നതിനും ഭരണ സമിതി തീരുമാനിക്കുകയും പുതിയ വാഹനം വാങ്ങുന്നതിനായി 330/16 പ്രോജക്ട് തയ്യാറാക്കി പത്ത് ലക്ഷം രൂപ വകയിരുത്തുകയും ചെയ്യുന്നുണ്ട്.വാഹനം കൈമാറുന്നതിനും പുതിയ വാഹനം വാങ്ങുന്നതിനും സർക്കാർ അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ വൗച്ചർ 1013/30.03.16 ,1037/31.03.16 പ്രകാരവും 743467 രൂപ ചെലവഴിച്ച് പുതിയ വാഹനം വാങ്ങുകയും ചെയ്യുന്നുണ്ട്.

എന്നാൽ പഞ്ചായത്ത് ഉപയോഗിച്ച് കൊണ്ടിരുന്ന വാഹനം പരിരക്ഷാ പ്രവർത്തനങ്ങൾക്ക് രേഖാമൂലം ഇത് വരെ കൈമാറിയിട്ടില്ല.നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് കാലതാമസം കൂടാതെ വാഹനം കൈമാറാൻ ശ്രമിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 60,255 രൂപ KSEB-യിൽ മുൻകൂർ ഇനത്തിൽ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ലഭ്യമല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ. വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്ക് പ്രകാരം ഈ ഇനത്തിൽ 20,415 രൂപ വരവുണ്ട്. എന്നാൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ ഫയൽ/രജിസ്റ്റർ ഗ്രാമ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| -- | -- | 2012-13 | 1 | ലഘു അവലോകനം – ഫ്രണ്ട് ഓഫീസ് പ്രവർത്തനം | -- |
| | | | 2 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് – ആരോഗ്യ മേഖല | -- |
| 2011-12 | -- | 2014-15 | 3(1) | നിഷ്ക്രിയാസ്തികൾ – അവലോകനം | -- |
| 2011-12 | -- | 2014-15 | 3(2) | മണൽ വാരൽ – അവലോകനം | -- |

## 4-8 ഓഡിറ്റ് പ്രത്യുവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,91,47,878 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,50,26,556 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം. ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,86,880 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,98,292 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 150,000 | ശ്രീ. ഹുസൈൻ എം.എ<br>സെക്രട്ടറി |
| 3-9 | | 36880 | ശ്രീ. ഹുസൈൻ എം.എ<br>സെക്രട്ടറി |
| ആകെ | | 1,86,880 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(2) | 200000 | ഡോ. ജമീലത്ത് |
| 3-2 | 30000 | സുബ്രഹ്മണ്യൻ |
| 3-8 | 319000 | ശ്രീ. ഹുസൈൻ എം.എ, സെക്രട്ടറി |
| 3-11 | 1624292 | ശ്രീ. ഹുസൈൻ എം.എ, സെക്രട്ടറി |
| 3-13 | 855000 | ശ്രീ. ഹുസൈൻ എം.എ, സെക്രട്ടറി |
| ആകെ | 30,28,292 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഹുസൈൻ എം.എ<br>സെക്രട്ടറി | സെക്രട്ടറി,<br>പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് | മാളിയേക്കൽ വീട്,<br>തച്ചണ്ണ,<br>മൈത്ര പി ഒ<br>മലപ്പുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95 , 1995-96 | എൽ. എഫ്. എം.15/615/99/15-9-2010 | 5 |
| 1996-97 | എൽ. എഫ്. എം.15/615/99/15-9-2010 | 3 |
| 1997-98 | എൽ. എഫ്. എം.15/1124/02/15-9-2010 | 17 |
| 1998-99 | എൽ. എഫ്. എം.15/1376/02/15-9-2010 | 15 |
| 1999-00 | എൽ. എഫ്. എം.15/257/13/15-9-2010 | 11 |
| 2000-01 | എൽ. എഫ്. എം.15/1650/03/15-9-2010 | 10 |
| 2001-02 | എൽ. എഫ്. എം.6/1651/03/15-9-2010 | 27 |
| 2002-03 | എൽ. എഫ്. എം.6/284/08/15-9-2010 | 3 |
| 2003-04 | എൽ. എഫ്. എം.6/285/08/15-9-2010 | 9 |
| 2004-05 | എൽ. എഫ്. എം.6/1740/08/15-9-2010 | 22 |
| 2005-06 | എൽ. എഫ്. എം.6/1840/28-7-2010 | 27 |
| 2006-07 | എൽ. എഫ്. എം.6/1841/09/4-6-2010 | 13 |
| 2007-08 | എൽ. എഫ്. എം.8/1660/11/26-12-2011 | 5 |
| 2008-09 2010-11 | എൽ. എഫ്. എം.5/286/13/14-3-2013 | 25 |
| 2011-12 | എൽ. എഫ്. എം.5/3564/14/ 16-7-2015 | 11 |
| 2012-13 , 2013-14 | എൽ. എഫ്. എം.5/1408/15/ 2-7-2015 | 18 |
| 2014-15 | നം.കെ.എസ്.എ.എം.പി.എം.5/732/ 2016/21-04-16 | 14 |

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം-1</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ.എം.പി.എം.5/2423/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി 03.10.2016

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടവണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## AUDIT CERTIFICATE

No.KSA/MPM5/2423/2016

Kerala State Audit Department
District office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in
Date: 03.10.2016

Certified that I have audited the Annual Financial Statement of Edavanna Grama panchayath in Malappuram District of the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Edavanna Grama panchayath for the year 2015-16

except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department